**"സത്യം നിങ്ങളെ സ്വതന്ത്രരാക്കും" (യോഹന്നാൻ 8:32)**

# എന്താണ് സീറോ മലബാർ സഭയിലെ പ്രതിസന്ധി?

*മാർ ആന്റണി കരിയിലും ഫ്രാൻസിസ് മാർപാപ്പയുമായുള്ള കൂടിക്കാഴ്ച്ചയുടെ കുറെ വസ്തുതകളും വിചിന്തനങ്ങളും*

**മാത്യു വട്ടമറ്റം**

2022 ഒക്ടോബർ 12ന് എറണാകുളം-അങ്കമാലി അതിരൂപതയിലെ, അപ്പോസ്തോലിക് അഡ്മിനിസ്ട്രേറ്ററുമായ മാർ ആൻഡ്രൂസ് താഴത്ത് തന്റെ അതിരൂപതക്കയച്ച വീഡിയോ സന്ദേശത്തിൽ, ഫ്രാൻസിസ് പാപ്പ സ്വന്തം കൈപ്പടയിൽ വ്യക്തിപരമായി എനിക്കെഴുതിയ ഒരു കത്തിനെക്കുറിച്ച് പരാമർശിച്ചിരുന്നു.. ഏകീകൃത ആരാധനാക്രമം സംബന്ധിച്ച സിനഡ് തീരുമാനത്തിൽ നിന്ന് പ്രസ്തുത അതിരൂപതയെ ഒഴിവാക്കുന്നതിന് പരിശുദ്ധ പിതാവിൽ നിന്ന് അനുവാദം ലഭിച്ചെന്നുള്ള സത്യവിരുദ്ധമായ പ്രചരണങ്ങൾ ഇല്ലാതാക്കാൻ ആർച്ച് ബിഷപ്പ് മാർ ആൻഡ്രൂസ് ആ കത്ത് എന്റെ അനുവാദത്തോടെ പരാമർശിച്ചതാണ്. എങ്കിലും ചിലർ ആ വീഡിയോക്ക് ശേഷം നിജസ്ഥിതികൾ അന്വേഷിക്കാൻ തുനിയാതെ അനുമതിയെക്കുറിച്ചുള്ള തെറ്റായ പ്രചരണങ്ങൾ തിരുത്തുന്നതിനുപകരം, അനാവശ്യമായ ആരോപണങ്ങളും ഊഹാപോഹങ്ങളും പരത്തി, മാധ്യമചർച്ചകൾ തുടരുകയാണ്. നമ്മുടെ സഭയിലെ സ്വരച്ചേർച്ചയില്ലായ്മയിൽ മാർപ്പാപ്പ തന്റെ കത്തിൽ ദുഃഖം പ്രകടിപ്പിക്കുകയുണ്ടായി. ആരാധനാക്രമവിവാദത്തിൽ എനിക്കും എല്ലാ സഭാമക്കളുടെയും പോലെ തന്നെ ആത്മസംഘർഷങ്ങളുണ്ട്. മാധ്യമങ്ങളിലൂടെ പരക്കുന്ന പലവിധ വാർത്തകളുടെ നിജസ്ഥിതി അറിയാനും അവയെ എങ്ങനെയാണ് വിലയിരുത്തേണ്ടതെന്നുമുള്ള ആശയക്കുഴപ്പം എന്റെ പല സുഹൃത്തുക്കളും പങ്കുവച്ചിരുന്നു. ഈ പശ്ചാത്തലത്തിലാണ് നമ്മുടെ സഭയിൽ ഒരുവർഷമായിട്ടും പുകമറ മാറാതെ കിടക്കുന്ന ഈ സംഭവവികാസങ്ങളെക്കുറിച്ച് കൂട്ടായ ആത്മശോധനക്ക് ഉപകരിക്കുമെന്ന പ്രതീക്ഷയിൽ ഈ വിചിന്തനം എഴുതുന്നത്.

## സംഘർഷങ്ങളെയും ഭിന്നതകളെയും നേരിടാൻ ദൈവവചനത്തിന്റെ വെളിച്ചം

വ്യക്തികളെ ഗ്രൂപ്പുകളായി സംഘടിപ്പിച്ച് പരസ്പരം ഭിന്നിപ്പിക്കാനുള്ള മാനുഷീക പ്രവണത ആദിമസഭയിൽത്തന്നെ കണ്ടുമുട്ടുന്ന ഒരു പ്രലോഭനമാണ്. സീറോ മലബാർ സഭയിലെ അനൈക്യത്തിൽ മാർപ്പാപ്പ ദുഃഖം രേഖപ്പെടുത്തിയപ്പോൾ, കോറിന്തോസിൽ, ലൗകിക ചിന്തകളുടെ ഫലമായുണ്ടായ ഭിന്നിപ്പിനെ ("ഞാൻ പൗലോസിന്റേ കൂടെയാണ്, ഞാൻ അപ്പോളോയുടെ കൂടെയാണ്") പൗലോസ്ശ്ലീഹാ ചെറുക്കുന്ന ഭാഗം ഉദ്ധരിക്കുന്നുണ്ട്. ഇതുപോലെ തന്നെ, ഗലാത്യക്കാരെയും ഭിന്നതകൾക്ക് അതീതമായി ഉയരാൻ പൗലോസ്ശ്ലീഹാ ക്ഷണിക്കുന്നത് ശ്രദ്ധിക്കൂ: "യഹൂദനോ വിജാതീയനോ, അടിമയോ സ്വതന്ത്രനോ, സ്ത്രീയോ പുരുഷനോ എന്നില്ല, കാരണം നിങ്ങൾ എല്ലാവരും ക്രിസ്തുയേശുവിൽ ഒന്നാണ്" (ഗലാത്യർ 3:28) ധ്രുവീകരണ പ്രവണതയുടെ പശ്ചാത്തലത്തിൽ, പൗലോശ്ലീഹ എഫേസൂസുകാരെയും ഇപ്രകാരം ഉപദേശിക്കുന്നു: “നിങ്ങൾ ഇനി പരദേശികളും അപരിചിതരുമല്ല പ്രത്യുത, ദൈവരാജ്യത്തിലെ സഹപൗരന്മാരാണ്. അപ്പോസ്തലന്മാരുടെയും പ്രവാചകന്മാരുടെയും അടിത്തറയിൽ പണിതുയർത്തിയിരിക്കുന്ന, ദൈവഭവനത്തിന്റെ പ്രധാന മൂലക്കല്ല് ക്രിസ്തുയേശു തന്നെയാണ്" (എഫെ 2:19-22). ദൈവജനത്തെ "വിമതൻ", "കൽദായൻ" അല്ലെങ്കിൽ "വരുത്തൻ", "ഇരുത്തൻ" എന്നിങ്ങനെ വിഭജിക്കുന്ന സംഘർഷങ്ങൾ ലൗകിക യുക്തിയിൽ നിന്നാണ് പിറക്കുന്നത്. ഭിന്നതകൾക്കിടയിലും ദൈവത്തിന്റെ കണ്ണിലൂടെ പരസ്പരം നോക്കാനും ദൈവത്തിന്റെ രൂപം പരസ്പരം കാണാനും നാം പഠിക്കാൻ ഇനിയും വൈകിയിട്ടില്ല.. ഗോതമ്പിനെ പതിരിൽ നിന്ന് വേർപെടുത്താൻ നമുക്ക് കഴിഞ്ഞാൽ (ലൂക്ക 3:17), സീറോ മലബാർ സഭയിലെ കൃപയുടെയും വളർച്ചയുടെയും അനുഭവമായി ഇപ്പോഴത്തെ തർക്കത്തെ നമുക്ക് മാറ്റിയെടുക്കാം.

## എന്താണ് സീറോ മലബാർ സഭയ്ക്ക് സംഭവിക്കുന്നത്?

കത്തോലിക്കാ സഭയിലെ ഏറ്റവും ഊർജ്ജസ്വലതയുള്ള വ്യക്തിഗത സഭകളിൽ ഒന്നാണ് സീറോ മലബാർ സഭ. ലോകത്തിന്റെ പല ഭാഗങ്ങളിലും ഞാൻ നമ്മുടെ സഭയെക്കുറിച്ച് പങ്കുവെക്കാറുണ്ട്. നമ്മുടെ ദൈനംദിന കുടുംബ പ്രാർത്ഥനയും, കുട്ടികൾക്കുള്ള മതബോധനവും കുടുംബങ്ങളുടെ കെട്ടുറപ്പും മാതൃകാപരമായി ഇന്നും തുടരുന്നു. ഇന്ത്യക്കകത്തും പുറത്തും ജോലിചെയ്യുന്ന ധാരാളം വൈദികരെയും സമർപ്പിതരെയും, മികച്ചതും കാര്യക്ഷമവുമായ വിദ്യാഭ്യാസ-ജീവകാരുണ്യ സ്ഥാപനങ്ങളെയും, നൽകി കർത്താവ് സിറോമലബാർ സഭയെ അനുഗ്രഹിച്ചിട്ടുണ്ട് . ഒരുപക്ഷേ, നാം ഈ അനുഗ്രഹങ്ങളിൽ അഭിരമിച്ച്, അനുഗ്രഹദാതാവിനെ മറക്കുന്നുണ്ടാവാം. ആരാധനാക്രമവിവാദവും അതിൽ വളർന്നു വരുന്ന സങ്കീർണ്ണതകളും സഭാഗാത്രത്തിന്റെ മജ്ജതന്നെ കാർന്നുതിന്ന് അതിന്റെ ചൈതന്യം ചോർത്തുന്ന ആത്മീയാർബുദത്തിന്റെ പ്രതീകമാണ്. ഏകീകൃത ആരാധനാക്രമം അംഗീകരിക്കുകയും സിനഡിനോടും മാർപ്പാപ്പയോടും ഐക്യത്തോടെ നിലകൊള്ളുകയും ചെയ്ത 34 രൂപതകൾ, ഇവാഞ്ചെലി ഗൗദിയത്തിൽ (*Evangelii Gaudium*) ഫ്രാൻസിസ് മാർപാപ്പ വിശദീകരിക്കുന്ന 'ഉന്മേഷമുള്ള സമൂഹം' എന്ന രണ്ടാം തത്വത്തിന്റെ “സംഘർഷത്തിന്മേൽ ഐക്യം നിലനിൽക്കുന്നു” (cf. EG 226) - മാതൃകയാണ്.

## മാർ കരിയിലുമായുള്ള എന്റെ സമ്പർക്കവും ആരാധനക്രമ വിഷയത്തിൽ എന്റെ ഇടപെടലും

1980കളിൽ ബാംഗ്ലൂരിലെ എന്റെ സെമിനാരി ദിനങ്ങളിൽ മാർ കരിയിൽ എന്റെ ആത്മീയ പിതാവായിരുന്നു, ഞാൻ അദ്ദേഹത്തെ സ്നേഹിക്കുകയും ആദരിക്കുകയും ചെയ്യുന്നു. സിഎംഐ കോൺഗ്രിഗേഷനിൽ അദ്ദേഹം വഹിച്ച വ്യത്യസ്ത ചുമതലകളെക്കുറിച്ചും പിന്നീട് മെത്രാനായുള്ള സ്ഥാനാരോഹണത്തെക്കുറിച്ചും അറിഞ്ഞപ്പോൾ ഞാൻ സന്തോഷിച്ചു. മാണ്ഡ്യാ രൂപതാ ബിഷപ്പായിരിക്കെ ഞാൻ അദ്ദേഹത്തെ കാണുകയും ചെയ്തിരുന്നു.

ഇതിനിടയിൽ, ആരാധനാക്രമത്തിലെ ഭിന്നതകളെയും തർക്കങ്ങളെയും കുറിച്ച് ചിലതെല്ലാം ഞാൻ കേൾക്കുന്നുണ്ടായിരുന്നു. അത് പെട്ടെന്ന് അവസാനിക്കട്ടെ എന്ന് ഞാൻ ആഗ്രഹിച്ചു, പ്രത്യേകിച്ചും കേരളത്തിലെ സഭയ്ക്ക് ഒന്നിന് പുറകെ ഒന്നായി അപമാനം വരുത്തി മാധ്യമങ്ങളിൽ വന്നുകൊണ്ടിരുന്ന വിവിധ സംഭവവികാസങ്ങളിൽ എനിക്ക് അതിയായ ദുഃഖമുണ്ടായിരുന്നു. വികാരി ആർച്ച് ബിഷപ്പായും സിനഡ് സെക്രട്ടറിയായും മാർ കരിയിലിനെ എറണാകുളത്തേക്ക് മാറ്റുമ്പോൾ, ആരാധനക്രമതർക്കങ്ങൾ അവസാനിക്കുമെന്നും പ്രതീക്ഷിച്ചിരുന്നു.

സഭയിലെ തർക്കപരിഹാരങ്ങൾക്ക് ചില കീഴ്‌വഴക്കങ്ങളുണ്ട്. ഒരു തീരുമാനത്തിലെത്തുന്നതിനുമുമ്പ് വ്യതിരിക്ത കാഴ്ചപ്പാടുകളിൽ നിന്നും ദൈവശാസ്ത്രപരമായ ചിന്താധാരകളിൽ നിന്നും ഉയർന്നുവരുന്ന സംവാദങ്ങൾക്കും ചർച്ചകൾക്കും അതുവഴിയുണ്ടാകുന്ന അനിവാര്യമായ സംക്ഷോഭങ്ങൾക്കും, പക്വത പ്രാപിക്കാൻ ആവശ്യമായ സമയം അനുവദിക്കുന്ന, ലോകത്തിലെ സ്ഥിരതയുള്ള ചുരുക്കം സ്ഥാപനങ്ങളിൽ ഒന്നാണ് കത്തോലിക്കാ സഭ. എന്നിരുന്നാലും, സഭയിൽ, ഉത്തരവാദിത്തപ്പെട്ട അധികാരികൾക്ക് അവയുടെ മേൽ ഒരു തീരുമാനം എടുക്കുകയും അനുസരണാ മനോഭാവത്തോടെ സമൂഹം അത് അംഗീകരിക്കുകയും ചെയ്യേണ്ട സമയവുമുണ്ട്. പതിറ്റാണ്ടുകളുടെ സംവാദങ്ങൾക്ക് ശേഷം സീറോമലബാർ സഭ ആരാധനാക്രമത്തെക്കുറിച്ച് ഒരു തീരുമാനത്തിലെത്തേണ്ട സമയം അതിക്രമിച്ചിരിക്കുന്നു എന്ന അഭിപ്രായം എനിക്കുണ്ടായിരുന്നു.

സിനഡ് ഒരു ഏകീകൃത കുർബാനയുടെ തീരുമാനത്തിലെത്തിയതിൽ ഒത്തിരിപേർ സന്തോഷിച്ചു. 2021 നവംബർ 28 ന് ആഗമനകാലത്തോടെ അത് ആരംഭിക്കുന്നതിനുള്ള തീയതിയും നിശ്ചയിച്ചു. എറണാകുളത്തും മറ്റ് ചില രൂപതകളിലും അതേത്തുടർന്ന് വർദ്ധിച്ചുകൊണ്ടിരുന്ന സംഘർഷത്തിന്റെ വാർത്തകൾ ഞാൻ കേൾക്കുന്നുണ്ടായിരുന്നു. ഒരു പ്രസ്ഥാനത്തിൽ എന്തെങ്കിലും മാറ്റമുണ്ടായാൽ സംഘർഷങ്ങളും, ചെറുത്തുനിൽപ്പുകളും സംഭവിക്കുക സാധാരണമാണ്. മറ്റ് താൽപ്പര്യങ്ങൾ ഈ പ്രക്രിയയിൽ ഇടപെടുന്നില്ലെങ്കിൽ കുറച്ച് സമയത്തിന് ശേഷം അവ ഇല്ലാതാകും.

പുതിയ ആരാധനക്രമം സീറോമലബാർ സഭയിൽ സർവത്രികമായി ആഘോഷിക്കുന്ന തീയതിക്ക് മുൻപ്, 2021 നവംബർ 20ന്, കരിയിൽപിതാവിന്റെ സെക്രട്ടറിയിൽ നിന്ന് എനിക്ക് ഒരു കോൾ ലഭിച്ചു, ആർച്ച് ബിഷപ്പ് റോമിലുണ്ടെന്ന് എന്നെ അറിയിക്കുകയും അദ്ദേഹവുമായി എന്നെ കണക്ട് ചെയ്യുകയും ചെയ്തു. മാർപ്പാപ്പയുടെ കാര്യാലയക്കാർ അദ്ദേഹത്തിന് ഒരു അഭിമുഖം അനുവദിക്കാത്തതിനാൽ പരിശുദ്ധ പിതാവിനെ കാണാൻ സഹായിക്കുന്ന ആരെയെങ്കിലും എനിക്കറിയാമോ എന്ന് അദ്ദേഹം ചോദിച്ചു. സിനഡ് സെക്രട്ടറി കൂടിയായ വികാരി ആർച്ച് ബിഷപ്പ് ഈ ദുർഘടസന്ധിയിൽ സഭയുടെ ഐക്യം നിലനിറുത്താൻ സഹായം തേടി വന്നതാണെന്ന് ഞാൻ കരുതി. എങ്ങനെയെന്ന് എനിക്ക് ഉറപ്പുണ്ടായിരുന്നില്ലെങ്കിലും മാർപ്പാപ്പയ്ക്ക് ഒരു സന്ദേശം എത്തിക്കാൻ ശ്രമിക്കാമെന്ന് ഞാൻ അദ്ദേഹത്തോട് പറഞ്ഞു. ചില ബന്ധങ്ങൾ ഉപയോഗിച്ച്, അദ്ദേഹത്തിന്റെ സെക്രട്ടറി മുഖേന മാർപ്പാപ്പയ്ക്ക് ഞാൻ ഒരു സന്ദേശം എത്തിച്ചു. സ്പാനിഷ് ഭാഷയിൽ അദ്ദേഹത്തിന്റെ സെക്രട്ടറിയ്ക്ക് ഞാൻ ഇപ്രകാരം എഴുതി:

> "ഇന്ത്യയിലെ സീറോ മലബാർ ആചാരപ്രകാരമുള്ള പൗരസ്ത്യ കത്തോലിക്കാ സഭയിൽ പെടുന്ന അങ്കമാലി-എറണാകുളം രൂപതയുടെ ആർച്ച് ബിഷപ്പ് മാർ ആന്റണി കരിയിലിന് വേണ്ടിയാണ് ഞാൻ ഈ കത്ത് എഴുതുന്നത്. കുർബാന ആഘോഷവുമായി ബന്ധപ്പെട്ടുള്ള ആരാധനക്രമ വിഷയത്തിൽ ദീർഘകാലമായി നിലനിൽക്കുന്ന തർക്കത്തിൽ സീറോ മലബാർ സഭയ്ക്ക് ഗുരുതരമായി മുറിവേറ്റിട്ടുണ്ട്. വിശുദ്ധ സിംഹാസനത്തിന്റെ നിർദ്ദേശങ്ങൾ പാലിച്ച്, ഏകീകൃതമായ കുർബാന ആഘോഷിക്കാൻ ബിഷപ്പുമാരുടെ സിനഡ് ധാരണയിലെത്തി. ചില വൈദികർ, പ്രത്യേകിച്ച് എറണാകുളം രൂപതയിൽ, സിനഡിന്റെ തീരുമാനത്തിന് എതിരാണ്, ഭൂരിപക്ഷവും അക്രൈസ്തവരായ ജനവിഭാഗങ്ങളുള്ള ഒരു സമൂഹത്തിൽ ഈ വിഷയത്തെ അപകീർത്തികരമായി രാഷ്ട്രീയവൽക്കരിച്ചു. ഇതിൽ ബിഷപ്പ് കഠിന വിഷമത്തിലാണ്. പരിശുദ്ധ പിതാവിന്റെ ജ്ഞാനവും അനുഗ്രഹവും തേടുന്നതിനായി കരിയിൽപിതാവ് റോമിൽ വന്നിട്ടുണ്ട്. അദ്ദേഹത്തിന് ഒരഭിമുഖം നൽകാൻ പരിഗണിക്കണമെന്ന് അഭ്യർത്ഥിക്കുന്നു."

## മാർ കരിയിലും, മാർപാപ്പയും, ഡിക്കാസ്റ്ററിയിലെ കർദ്ദിനാൾ ലിയനാർഡോ സാന്ദ്രിയുമായുള്ള കൂടിക്കാഴ്ച

പേപ്പൽ കാര്യാലയം ഈ നിവേദനം പരിഗണിക്കുകയും 2021 നവംബർ 22 ന് മറുപടി നൽകുകയും 2021 നവംബർ 25 വ്യാഴാഴ്ച കരിയിലിന് പാപ്പാ അഭിമുഖം നൽകാം എന്ന് സമ്മതിക്കുകയും ചെയ്തു. ഞാൻ മാർ കരിയിലിന് ആ വിവരം നൽകി സന്ദേശം അയച്ചു,

> "പ്രിയപ്പെട്ട കരിയിൽ പിതാവേ, നമ്മുടെ സിറോമലബാർ സഭയുടെ പുതിയ കുർബാനക്രമവുമായി ഒരു ഐക്യയാത്രയ്ക്കായി ഞാൻ പ്രാർത്ഥിക്കുന്നുണ്ട്. - ചില വൈദികരുടെ നിലപാടുകൾ അങ്ങേക്ക് നൽകുന്ന വേദന

> എനിക്ക് ഊഹിക്കാൻ കഴിയും. എന്റെ മനസ്സിൽ ഒരു ആശയം തോന്നുന്നു. ഞാനത് പങ്കുവക്കുന്നു. സീറോ മലബാർ സഭയ്ക്കും സഭാമക്കൾക്കും വേണ്ടി മാർപാപ്പയോട് ഒരു വീഡിയോ സന്ദേശം ചോദിച്ചാൽ, അദ്ദേഹം സമ്മതിച്ചേക്കാം. അതിനായി ഒരു ചെറിയ പ്രസംഗം അങ്ങ് തയ്യാറാക്കുകയാണെങ്കിൽ, അത് ഉപയോഗപ്രദമാകും. പ്രശ്നങ്ങളെ അഭിമുഖീകരിക്കുമ്പോൾ ക്രിയാത്മകമായ പ്രതികരണങ്ങൾ നൽകാൻ മാർപ്പാപ്പ വളരെ സന്നദ്ധതയുള്ളയാളാണ്. അങ്ങേക്ക് ഫലവത്തായ ഒരു സന്ദർശനം ആശംസിക്കുന്നു."

കരിയിൽ പിതാവ്, താൻ ഇറ്റാലിയൻ സംസാരിക്കാത്തതിനാൽ ഒരാളെ കൂടെ കൊണ്ടുപോകാമോ എന്ന് എന്നോട് ഫോൺ വിളിച്ച് ആരായുകയും, നരികുളത്തിലച്ചനെ നിർദ്ദേശിക്കുകയും ചെയ്തു. വിവർത്തകനായി ഒരാളെ കൂടെ കൊണ്ടുപോകുന്നത് ഒരു പ്രശ്നമല്ലെന്ന് ഞാൻ മറുപടി നൽകി. ആർച്ച് ബിഷപ്പിന് അഭിമുഖം ലഭിച്ചതിലും, സിനഡ് തീരുമാനിച്ച പ്രകാരം നവംബർ 28 ന് ഐക്യരൂപമുള്ള ആരാധനാക്രമം ആഘോഷിച്ചു തുടങ്ങുന്ന ചരിത്രനിമിഷത്തിൽ മാർപ്പാപ്പയുടെ സന്ദേശവും ആശീർവാദവും അദ്ദേഹത്തിന് ലഭിക്കുമെന്നതിലും ഞാൻ സന്തോഷിച്ചു.

പ്രസ്തുത അഭിമുഖത്തിന്റെ സമയത്ത്, 2021 നവംബർ 24 മുതൽ 26 വരെ USG യുടെ (യൂണിയൻ ഓഫ് സുപ്പീരിയേഴ്സ് ജനറൽ) മീറ്റിങ്ങിനായി ഞാൻ റോമിന് പുറത്തായിരുന്നു. തിരിച്ചു വന്നപ്പോൾ സോഷ്യൽ മീഡിയയിൽ മാർ കരിയിലിന്റെയും മേജർ ആർച്ച് ബിഷപ്പിന്റെയും പരസ്പരവിരുദ്ധ സർക്കുലറുകൾ പ്രചരിക്കുന്നത് കണ്ടു. തങ്ങളുടെ അനൈക്യത്തെയും ആശയവിനിമയമില്ലായ്മയെയും പരസ്യമാക്കുന്ന സഭാ അധികാരികളുടെ പരസ്പരവിരുദ്ധമായ കത്തുകൾ ഞെട്ടിപ്പിക്കുന്നതും ആശയക്കുഴപ്പമുണ്ടാക്കുന്നതുമായിരുന്നു. തുടർന്ന്, മാർപ്പാപ്പയുടെയും പൗരസ്ത്യ സഭകൾക്കായുള്ള ഡിക്കാസ്റ്ററിയുടെയും പേര് പോലും വലിച്ചിഴക്കുന്ന രണ്ട് തീവ്ര ഗ്രൂപ്പുകളിൽ നിന്നുള്ള വളരെ വിനാശകരമായ സംവാദങ്ങൾ ഉടലെടുത്തു. എനിക്ക് അഗാധമായ സങ്കടം തോന്നി. വികാരി ആർച്ച്ബിഷപ്പ് മേജർ ആർച്ച്ബിഷപ്പിന്റെയും സിനഡിന്റെയും ദൂതനായി, സിറോമലബാർ സഭയുടെ ഐക്യത്തിനായി പരിശുദ്ധ പിതാവിന്റെ സഹായം തേടാൻ വന്നതാണെന്ന് വിശ്വസിച്ച എനിക്ക് തെറ്റ് പറ്റിയെന്ന് മനസ്സിലായിത്തുടങ്ങി. ആർച്ച്ബിഷപ്പ് ഒരു പോംവഴി കണ്ടെത്തിയില്ലെങ്കിൽ അഭിമുഖീകരിക്കേണ്ട സ്ഫോടനാത്മക സാഹചര്യവും എനിക്ക് ഊഹിക്കാവുന്നതേയുള്ളൂ. എന്നാൽ ഒരു പ്രത്യേക സഭയ്ക്കുള്ളിലെ സഭാധ്യക്ഷന്മാരുടെ സ്ഥാപിതതാത്പര്യ വടംവലികളിലേക്ക് മാർപാപ്പയെയും പൗരസ്ത്യ സഭയുടെ കാര്യാലയത്തെയും വലിച്ചിഴക്കാതെ തന്നെ, സഭയുടെ നന്മയ്ക്കായി ആത്മാർത്ഥമായ സ്നേഹത്തോടെ ആ സാഹചര്യം മറികടക്കാൻ സത്യസന്ധമായ വഴികളുണ്ടായിരുന്നു. പ്രശ്നത്തിന് പക്വമായ ഒരു പരിഹാരമായിരുന്നു ഞാൻ പ്രതീക്ഷിച്ചിരുന്നത്.

## ക്ലരീഷ്യൻ ജനറൽ കൂരിയയിലെ മാർ കരിയിലിന്റെ സന്ദർശനം

നവംബർ 28-ന് ഏകീകൃത ആരാധനാക്രമം നടപ്പാക്കുന്ന ദിവസം മാർ കരിയിലും, ഫാ. നരികുളവും, സെക്രട്ടറിയും അവരുടെ നന്ദിയും സൗഹൃദവും പങ്കുവെക്കാൻ വന്നപ്പോൾ ഞങ്ങൾ അവരെ സ്നേഹത്തോടെയും ഊഷ്മളതയോടുംകൂടിയാണ് സ്വീകരിച്ചത്. എന്റെ ഓഫീസിൽ ഞങ്ങൾ ഹൃദ്യമായ സംഭാഷണം നടത്തി. ഭൂമി കുംഭകോണത്തെക്കുറിച്ചും ആരാധനക്രമത്തെക്കുറിച്ചും ഇരുവരും പങ്കുവെച്ചു. വിഷയങ്ങളിൽ ഞാൻ എന്റെ മനസ്സ് തുറന്നു പറഞ്ഞു. എന്നെ സംബന്ധിച്ചിടത്തോളം, സാമ്പത്തിക പ്രശ്നം ആരാധനാക്രമമോ ദൈവശാസ്ത്രപരമോ ആയ വ്യത്യാസങ്ങളുമായി കൂട്ടിക്കുഴയ്ക്കരുത്. ആരാധനാക്രമ വിഷയത്തിൽ, സിനഡിന്റെ കൂട്ടായ തീരുമാനത്തെ ബഹുമാനിക്കാൻ ആർച്ച് ബിഷപ്പ് ബാധ്യസ്ഥനാണെന്നും പ്രസ്തുത സർക്കുലർ അദ്ദേഹത്തിന്റെ സഹോദര മെത്രാന്മാരെ വേദനിപ്പിക്കുമെന്നും ഞാൻ വ്യക്തമായി പറഞ്ഞു. നരികുളത്തച്ചൻ സിനഡിലെ രാഷ്ട്രീയവും ഭൂരിപക്ഷത്തിന്റെ അംഗീകാരം നേടാനുള്ള സിനഡ് പിതാക്കന്മാരുടെ ഒത്തുകളികളും സിനഡിന്റെ ഓൺലൈൻ യോഗത്തിൽ എടുത്ത തീരുമാനത്തിന്റെ സാധുതയും ചോദ്യം ചെയ്തു സംസാരിച്ചു. ഉച്ചഭക്ഷണത്തിനിടയിൽ, മാർ കരിയിൽ എന്നോട് ചോദിച്ചു, "മാത്യൂ, ഞാൻ എന്താണ് ചെയ്യേണ്ടതെന്ന് അങ്ങ് കരുതുന്നു?" ഞാൻ മറുപടി പറഞ്ഞു, "അങ്ങ് സഹോദര മെത്രാന്മാരോട് മാപ്പ് പറയണമെന്ന് ഞാൻ കരുതുന്നു". അദ്ദേഹം മൗനം ഭജിച്ചു. ആത്മീയമായും മാനസികമായും പീഡിപ്പിക്കപ്പെട്ട്, രോഗഗ്രസ്തനായ, മാർ കരിയിൽ ആകെ മാറിപ്പോയത് എന്നെ വേദനിപ്പിച്ചു. അദ്ദേഹം എന്തോ കുഴപ്പത്തിലാണെന്ന് എനിക്ക് മനസ്സിൽ തോന്നി.

## ഫ്രാൻസിസ് മാർപാപ്പയ്ക്കുള്ള എന്റെ കത്ത്

ഈ വിഷയത്തിൽ സഭയ്ക്ക് പൊതുവായുണ്ടായ നാണക്കേടിൽ ദുഃഖിതരും അപകീർത്തിപ്പെടുത്തപ്പെട്ടവരുമായ ആയിരക്കണക്കിന് വിശ്വാസികളുടെ വിഷമം ഞാൻ പങ്കിടുന്നു. അത്യധികം ധ്രുവീകരിക്കപ്പെട്ട ഈ വൈകാരിക സംഘർഷാവസ്ഥയിലേക്ക് പരിശുദ്ധ സിംഹാസനവും വലിച്ചിഴക്കപ്പെട്ടപ്പോൾ സ്ഥിതി പഴയതിലും മോശമാവുകയായിരുന്നു. 1538ആം കാനോനയുടെ അർത്ഥവും പ്രയോഗവും ചർച്ച ചെയ്ത്, വത്തിക്കാൻ പക്ഷം പിടിക്കുന്നുവെന്ന് പലരും ആക്ഷേപിച്ചു. ഒരു തർക്കവിഷയത്തിൽ, ഏതൊരു കക്ഷിയുടെയും പരാതി സമാധാനപരമായ പരിഹാരത്തിനായി അധികാരികളോട് ഉന്നയിക്കാം, ഉന്നയിക്കണം; പക്ഷെ, പൊതുജനസമക്ഷമല്ല വേണ്ടത്. വത്തിക്കാൻ ഓഫീസുകളെക്കുറിച്ചുള്ള എന്റെ ധാരണ, ഏതെങ്കിലും തല്പരകക്ഷിയിൽ നിന്നുള്ള സമ്മർദ്ദം കൊണ്ട് അവരെ സ്വാധീനിക്കാൻ കഴിയില്ല എന്നതാണ്. സമയമെടുക്കുമെങ്കിലും അവർ ഓരോ സാഹചര്യവും പഠിച്ച് സഭയുടെ മാനദണ്ഡങ്ങൾക്കനുസരിച്ച് തീരുമാനത്തിലെത്തുകയാണ് ചെയ്യുക.

എന്നിരുന്നാലും, ഈ സാഹചര്യത്തെ സഹായിക്കാൻ പൗരസ്ത്യ സഭകൾക്കുള്ള ഡികാസ്റ്ററി വേണ്ടത്ര ചെയ്തില്ലെന്ന് ഞാൻ അക്കാലത്ത് കരുതി. മാർ കരിയിലുമായുള്ള സംഭാഷണത്തിൽ കർദിനാൾ പ്രീഫെക്റ്റ്, മേജർ ആർച്ച് ബിഷപ്പിനെ ഉൾപ്പെടുത്തി, 1538ആം കാനോനയിലെ നിർദിഷ്ഠ പരിഹാരം ഒരുമിച്ച് എടുക്കേണ്ടതായിരുന്നു എന്ന് എനിക്ക് തോന്നിയിരുന്നു. തുടർന്ന്, മേജർ ആർച്ച്ബിഷപ്പിലൂടെ ഈ തീരുമാനം സഭയെ അറിയിക്കുകയായിരുന്നെങ്കിൽ,

സഭാധ്യക്ഷന്മാരുടെ പരസ്പരവിരുദ്ധമായ സർക്കുലറുകൾ ഒഴിവാക്കാമായിരുന്നു. ദൗർഭാഗ്യവശാൽ, മാർ കരിയിൽ തന്റെ സർക്കുലറിൽ, താൻ രൂപതയ്ക്ക് മുഴുവൻ നൽകിയ ഒഴിവ് പരിശുദ്ധ സിംഹാസനത്തിന്റെ അംഗീകാരത്തോടെയാണെന്ന തോന്നൽ വിശ്വാസികളിൽ ജനിക്കാൻ ഇടയാക്കി.

മാർ കരിയിലിന്റെ രൂപതയിലെ സ്ഫോടനാത്മകമായ സാഹചര്യത്തെ അഭിസംബോധന ചെയ്യാൻ ഒരു കാനോനിക്കൽ സാധ്യത കാണിച്ച് അദ്ദേഹത്തെ സഹായിക്കാൻ ഡിക്കാസ്റ്ററി ശരിക്കും ശ്രമിച്ചുവെന്ന് പിന്നീട് ഞാൻ മനസ്സിലാക്കി. വികാരി ആർച്ച്ബിഷപ്പിന്റെ ഭാഗത്ത് നിന്ന്, മുഴുവൻ രൂപതയ്ക്കും നൽകിയ ഡിസ്പെൻസേഷൻ 1538 ആം കാനോനയുടെ നയ്യാമികമല്ലാത്ത പ്രയോഗമാണ്. 1538 ആം കാനോനയുടെ മനഃപൂർവ്വമുള്ള ദുർവിനിയോഗമല്ല പ്രത്യുത, വ്യാഖ്യാനത്തെക്കുറിച്ചുള്ള തെറ്റിദ്ധാരണയാണതെന്നാണ് അന്ന് ഞാൻ കരുതിയത്. എന്നാൽ, പിന്നീടുള്ള സംഭവങ്ങൾ സൂചിപ്പിക്കുന്നത്, അത് ബോധപൂർവവും സിനഡ് തീരുമാനത്തെ അംഗീകരിക്കാനുള്ള വിസമ്മതത്തിൽനിന്നും ഉരുത്തിരിഞ്ഞതും ആയിരുന്നു എന്നാണ്. ആ തെറ്റിൽ നിന്ന് ചില അജ്ഞാത കാരണങ്ങളാൽ മാർ കരിയിലിന് സ്വയം വീണ്ടെടുക്കാൻ അനുവദിച്ചില്ല.

ഞാൻ ഈ പ്രതിസന്ധിയെക്കുറിച്ച് ചിന്തിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തു. നമ്മുടെ സഭയെ, മാതാവും പ്രബോധകയുമായിക്കാണാൻ (mater et magistra) ആഗ്രഹിക്കുന്ന ദൈവജനത്തിന്റെ വേദന പരിശുദ്ധ പിതാവിനെ അറിയിക്കണമെന്ന് എനിക്ക് തോന്നി. തങ്ങളുടെ പരാതികൾ അനുകമ്പയോടെ കേൾക്കാൻ സന്മനസ്സ് കാണിച്ച് അഭിമുഖം അനുവദിച്ച മാർപ്പാപ്പയുടെ ഉദ്ദേശം നടപ്പിലാക്കാൻ സിനഡുമായും പരിശുദ്ധ സിംഹാസനവുമായും സഹകരിക്കാൻ സന്ദർശകരിൽ നിന്ന് ഒരു ശ്രമവും ഉണ്ടായില്ലെന്ന് ഞാൻ കണ്ടു. വികാരി ആർച്ച്ബിഷപ്പിന്റെ പിന്തുണയോടെ ഒരു സംഘം വൈദീകർ കർത്താവിന്റെ അഭിഷിക്ത വൈദികർക്ക് നിരക്കാത്ത രാഷ്ട്രീയ പാത അവലംബിച്ചത് എന്നെ സംബന്ധിച്ചിടത്തോളം മാർപ്പാപ്പയോടും അദ്ദേഹത്തിന്റെ അധികാരത്തോടുമുള്ള വഞ്ചനയായിരുന്നു.

## ഫ്രാൻസിസ് മാർപാപ്പയ്ക്കുള്ള കത്തിന്റെ ഉള്ളടക്കം

മാർപാപ്പയ്ക്കുള്ള എന്റെ കത്തിൽ ഇനിപ്പറയുന്ന ഘടകങ്ങൾ അടങ്ങിയിരുന്നു:

### 1) സീറോമലബാർ സഭയിലെ മോശമായിക്കൊണ്ടിരിക്കുന്ന അവസ്ഥയെക്കുറിച്ച് ഞാനുൾപ്പെടെയുള്ള ആളുകളുടെ വേദനയും സങ്കടവും

പരസ്പരവിരുദ്ധമായ സർക്കുലറുകളെക്കുറിച്ചും അവ ആളുകളിൽ ചെലുത്തുന്ന സ്വാധീനത്തെക്കുറിച്ചും ഞാൻ ഇപ്രകാരം മാർപ്പാപ്പാക്കെഴുതി: "മെത്രാന്മാരെയും പരിശുദ്ധ സിംഹാസനത്തെപോലും അപകീർത്തിപ്പെടുത്തുന്ന വിപുലപ്രചാരം കിട്ടിയ പരസ്പരവൈരുധ്യങ്ങളുള്ള അറിയിപ്പുകൾ വഴി മിക്കവാറും വിശ്വാസികൾ ആശയക്കുഴപ്പത്തിലാവുകയും, ദുഃഖിക്കുകയും, അപമാനിതരാകുകയും ചെയ്യുന്നുണ്ട്. ഈ പ്രക്രിയ സഭാ നേതൃത്വത്തിലെ ആത്മീയ ദാരിദ്ര്യത്തിന്റെയും എതിർസാക്ഷ്യത്തിന്റെയും ദയനീയമായ ചിത്രമാണ്. കൂടുതലും മറ്റ് മതങ്ങളിൽ നിന്നുള്ള ആളുകൾ ഉൾക്കൊള്ളുന്ന ഒരു പൊതുസമൂഹത്തിന് മുന്നിൽ ചെയ്യാൻ പാടുള്ളതല്ല ഇതൊന്നും. എറണാകുളത്തെ അനുസരിക്കാത്ത വൈദികരും അല്മായരും അതൊരു വിജയമായി ആഘോഷിക്കുകയും മറ്റുള്ളവർ അതിനെ വഞ്ചനയായി കാണുകയും ചെയ്തു. ഒരു ഗ്രൂപ്പിന്റെ രാഷ്ട്രീയ വിജയമായാണ് ഞാൻ അതിനെ കണ്ടത്. പക്ഷെ സഭയുടെ ആത്മാവിന്റെ ഹത്യയാണിത്. ലൗകികതയുടെ അർബുദം സഭയുടെ ആത്മീയജീവിതത്തിൽ വിഹ്വലതകൾ സൃഷ്ടിക്കുന്നത് വ്യക്തമായി തെളിയുകയാണിവിടെ."

### 2) അനുരഞ്ജനത്തിനും ഐക്യത്തിനും മധ്യസ്ഥത വഹിക്കാൻ ഓറിയന്റൽ സഭകൾക്കുള്ള ഡികാസ്റ്ററിയുടെ പങ്ക്

"മുറിവേറ്റപ്പെട്ട ഈ പ്രത്യേക തനത് സഭയെ (ecclesia sui iuris) അനുധാവനം ചെയ്യുമ്പോൾ, മെത്രാന്മാരുടെ കൂട്ടായ്മക്കും സീറോമലബാർ സഭയുടെ ഐക്യത്തിനും, പൗരസ്ത്യ സഭകൾക്കുള്ള കോൺഗ്രിഗേഷൻ മുൻഗണന നൽകേണ്ട സമയമാണിത്. സഭയിലെ വിശ്വാസികൾ പരിശുദ്ധ സിംഹാസനത്തെ വിലമതിക്കുന്നു, അതുകൊണ്ടാണ് എറണാകുളം-അങ്കമാലി രൂപത ഇളവിനായി പരിശുദ്ധ സിംഹാസനത്തിന്റെ അംഗീകാരം തേടിയത്. പൗരസ്ത്യ സഭകൾക്കായുള്ള കോൺഗ്രിഗേഷന്റെ അവ്യക്തമായ കത്ത്, സിനഡിന്റെ വിവേചനാധികാരത്തെ പരിശുദ്ധ സിംഹാസനം അവഗണിക്കുകയും, സീറോമലബാർ സഭയിലെ പുതിയ ഏകീകൃത ആരാധനാരീതിയെ എതിർക്കുന്ന വിമത ഗ്രൂപ്പുകൾക്കൊപ്പം നിൽക്കുകയും ചെയ്തു" എന്ന പ്രതീതിയുണ്ടാക്കിയതായും ഞാൻ എഴുതി.

### 3) തീരുമാനമെടുക്കുന്നതിൽ സൂക്ഷ്മവിചിന്തന പ്രക്രിയയുടെ ആവശ്യകത

"തെറ്റുകളിൽ നിന്ന് പഠിക്കാനും ഭിന്നതകളെ കൈകാര്യം ചെയ്യുന്നതിനുള്ള ആരോഗ്യകരമായ വഴികൾ വളർത്തിയെടുക്കാനും സുവിശേഷത്തിന്റെ വെളിച്ചത്തിൽ വിവേകപൂർണ്ണമായ തീരുമാനങ്ങളിൽ എത്തിച്ചേരാനും ഇനിയും വൈകരുത്. രാഷ്ട്രീയ കളികളിൽ ഏർപ്പെടുന്നതിനുപകരം ഐക്യം ഊട്ടിയുറപ്പിക്കാൻ വിവേചനാനൈപുണ്യവും സത്യസന്ധമായ സംഭാഷണകലയും പഠിക്കാൻ ബിഷപ്പുമാരെ സഹായിക്കുന്നതിൽ പരിശുദ്ധ സിംഹാസനത്തിന്റെ പങ്ക് നിർണായകമാണ്. ഇരുവിഭാഗങ്ങൾക്കുമിടയിലെ പരസ്പര ആരോപണങ്ങളിലെ തെറ്റിദ്ധാരണകൾ വ്യക്തമാക്കുന്നതിനും പരിശുദ്ധ സിംഹാസനത്തിന്റെയും സീറോമലബാർ സഭയുടെയും സഭാ നേതൃത്വത്തിന്റെ വിശ്വാസ്യത വീണ്ടെടുക്കുന്നതിനും ഓറിയന്റൽ കോൺഗ്രിഗേഷന് ഒരു പ്രധാന പങ്കുണ്ട്."

## മാർപ്പാപ്പയുടെ മറുപടി

2021 ഡിസംബർ 1-നാണ് ഞാൻ എന്റെ കത്ത് അയച്ചത്. പരിശുദ്ധ പിതാവ് സൈപ്രസ്-ഗ്രീസ് രാജ്യങ്ങളിലെ സന്ദർശന ത്തിലായിരുന്നു. മടങ്ങിയെത്തിയപ്പോൾ, അദ്ദേഹം എന്റെ കത്ത് വായിക്കുകയും സ്വന്തം കൈപ്പടയിൽ പെട്ടെന്നുള്ള ഒരു മറുപടി എഴുതുകയും ചെയ്തു, അത് അദ്ദേഹത്തിന്റെ സെക്രട്ടറി സ്കാൻ ചെയ്ത് എനിക്ക് ഇമെയിൽ വഴി അയച്ചു. സ്പാനിഷ് ഭാഷയിലുള്ള കത്തിന്റെ വിവർത്തനം ഇപ്രകാരമാണ്:

> പ്രിയ സഹോദരാ, എന്റെ മടക്കയാത്രയ്ക്ക് ശേഷം താങ്കൾ കഴിഞ്ഞ 1-ആം തിയ്യതി അയച്ച കത്ത് ഇന്നലെ വായിച്ചു. നന്ദി. താങ്കളുടെ വേദന ഞാൻ മനസ്സിലാക്കുകയും പങ്കിടുകയും ചെയ്യുന്നു. സഭയുടെ ഐക്യത്തിന് ഭീഷണിയായ ആരാധനക്രമത്തിന്റെ ഇത്തരം പ്രശ്നങ്ങൾ ലത്തീൻ ആരാധനാക്രമത്തിലും നേരിടുന്നുണ്ട്.
>
> ഞാൻ ആർച്ച് ബിഷപ്പ് കരിയിലിനെ നല്ല വിശ്വാസത്തോടെയാണ് സ്വീകരിച്ചത്. അദ്ദേഹം പറഞ്ഞ ചില "സാങ്കേതിക" കാര്യങ്ങൾ എനിക്ക് മനസ്സിലാകാഞ്ഞതിനാൽ, ഞാൻ കർദ്ദിനാൾ സാന്ദ്രിയുമായി സംസാരിച്ച്, എല്ലാ കാര്യങ്ങളും വ്യക്തമായി മനസ്സിലാക്കാൻ ശുപാർശ ചെയ്യുകയും ചെയ്തു.
>
> നമുക്ക് മുന്നോട്ട് പോകാം! വിഭജനത്തിന്റെ പ്രലോഭനം തുടക്കത്തിൽ തന്നെ പ്രത്യക്ഷപ്പെട്ടതാണ് (ഞാൻ പോളിന്റേതാണ്, ഞാൻ അപ്പോളോയുടേതാണ്). ഈ സാഹചര്യം ഏറ്റവും മികച്ച രീതിയിൽ പരിഹരിക്കപ്പെടാൻ നമുക്ക് ഒരുമിച്ച് പ്രാർത്ഥിക്കാം. ഞാൻ താങ്കൾക്ക് വേണ്ടി പ്രാർത്ഥിക്കുന്നു, ദയവായി എനിക്കു വേണ്ടി പ്രാർത്ഥിക്കുമല്ലോ
>
> ഈശോ താങ്കളെ അനുഗ്രഹിക്കട്ടെ, പരിശുദ്ധ കന്യക പരിപാലിക്കട്ടെ.
>
> സാഹോദര്യത്തിൽ
> ഫ്രാൻസിസ്

മാർപാപ്പയിൽ നിന്ന് അപ്രതീക്ഷിതമായ ആ മറുപടി വായിച്ചപ്പോൾ, എന്നോടു മാത്രമല്ല, ഈ അനാവശ്യ പ്രശ്നത്തിൽ ഒരേപോലെ വേദനിച്ച സീറോമലബാർ സഭയിലെ ദശലക്ഷക്കണക്കിന് കത്തോലിക്കരോടും അദ്ദേഹത്തിനുള്ള അടുപ്പവും അനുകമ്പയും എനിക്ക് അനുഭവപ്പെട്ടു. പാപ്പാ അനുകമ്പയോടെ സന്ദർശകരെ കേൾക്കുകയും ഉചിതമായ പരിഹാരം കണ്ടെത്തുന്നതിനായി അവരെ പൗരസ്ത്യസഭകളുടെ ഡികാസ്റ്ററി മേധാവി കർദ്ദിനാൾ സാന്ദ്രിക്ക് റെഫർ ചെയ്യുകയും ചെയ്തുവെന്ന് വ്യക്തമാണ്. മാർപ്പാപ്പ തന്നെയാണ് കർദ്ദിനാൾ സാന്ദ്രിയെ വിളിച്ച് മാർ കരിയിലിന്റെ പരാതി പരിഗണിക്കാൻ ആവശ്യപ്പെട്ടത്.

## പരിഹാരത്തിനായി എറണാകുളത്ത് നടന്ന ഉദ്യമങ്ങൾ

ഈ പ്രശ്നത്തിന്റെ അടിസ്ഥാന യഥാർഥ്യങ്ങളുമായുള്ള എന്റെ പരിമിതമായ സമ്പർക്കത്തിനുള്ളിൽ, തർക്കത്തിന് ഉചിതമായ പരിഹാരം കണ്ടെത്താൻ വിവിധ കൂട്ടായ്മകളുടെ ഭാഗത്തുനിന്ന് നിരവധി ശ്രമങ്ങൾ നടന്നതായി ഞാൻ അറിഞ്ഞിട്ടുണ്ട്. ഒരു വശത്ത് അനുരഞ്ജന ശ്രമങ്ങളും മറുവശത്ത് കേരളീയ ശൈലിയിലുള്ള രാഷ്ട്രീയ സമീപനങ്ങളുമായിരുന്നു. രാഷ്ട്രീയ സമീപനങ്ങൾ കൂടുതൽ സംശയങ്ങൾക്ക് ഇട നൽകി. പ്രശ്നം കൂടുതൽ വഷളായിത്തുടങ്ങിയപ്പോൾ സന്മനസ്സുള്ളവരും സജീവവിശ്വാസികളിൽ ഭൂരിഭാഗവും തങ്ങളുടെ പ്രിയപ്പെട്ട സഭയുടെ ദുരവസ്ഥയിൽ നിസ്സഹായരും ദുഃഖിതരുമായി പ്രാർത്ഥനയിൽ അഭയം പ്രാപിച്ചിരിക്കയാണ്.

സിനഡ് തീരുമാനം നടപ്പാക്കുന്നതിൽ നിന്ന് വികാരി ആർച്ച്ബിഷപ്പിന് മാർപാപ്പ ഒരു ഒഴിവ് നൽകിയെന്ന തെറ്റായ വാർത്ത പ്രചരിപ്പിക്കുന്നതായി ഈ ഒക്ടോബറിൽ എനിക്ക് അറിവു കിട്ടി. ഞാൻ അന്വേഷിച്ചപ്പോൾ ഫാ. നരികുളം അതേക്കുറിച്ച് എനിക്ക് ഉറപ്പുനൽകി, "കുറച്ച് ആഴ്ചകൾക്ക് മുമ്പ് ഇത്തരമൊരു വാർത്ത വന്നപ്പോൾ, കാര്യം വ്യക്തമാക്കാൻ ഞാൻ ഉടൻ ഇടപെട്ടു. എന്നെ വിശ്വസിക്കൂ, മാർ കരിയിലോ ഞാനോ അത്തരം തെറ്റായ വിവരങ്ങൾ ഒരു സമയത്തും ഒരാളോടും പറഞ്ഞിട്ടില്ല." (14 ഒക്ടോബർ 2022 ലെ കത്ത്). അതിനാൽ, സാധാരണക്കാരെ ആശയക്കുഴപ്പത്തിലാക്കാൻ വ്യാജ വാർത്തകൾ നിർമ്മിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്ന സ്വാർത്ഥതാൽപ്പര്യമുള്ള മൂന്നാം കക്ഷികൾ ഉണ്ടാകാം. ചർച്ചകൾക്ക് വസ്തുതകളുടെയും തത്വങ്ങളുടെയും വ്യക്തമായ അടിസ്ഥാനം ആവശ്യമാണ്, നുണകളും വ്യാജവാർത്തയുമായി സംവാദം നടത്താൻ ശ്രമിക്കുന്നതിലൂടെ ഒരു പുരോഗതിയും സാധ്യമല്ല.

പ്രശ്നപരിഹാരത്തിന് കാതലായ പ്രതിബന്ധം, തർക്കം എന്തിനെക്കുറിച്ചാണ്, തർക്കഹേതുവിന്റെ നിർവചനം, സീറോമലബാർ സഭയിലെ പ്രശ്നപരിഹാര ഉപായങ്ങൾ, എന്നിവ തമ്മിലുള്ള വേർതിരിവും വ്യക്തതയുമില്ലായ്മയാണ്.

## പ്രതിസന്ധിയുടെ ഉള്ളടക്കത്തെക്കുറിച്ചുള്ള വ്യക്തത

ഈ പ്രതിസന്ധിയെ നിഷ്പക്ഷമായി വീക്ഷിക്കുമ്പോൾ വിഷയത്തിന്റെ വ്യത്യസ്ത പതിപ്പുകൾ, പരസ്പര ആരോപണങ്ങൾ, സോഷ്യൽ മീഡിയയിൽ പ്രചരിക്കുന്ന തെറ്റായ വിവരങ്ങൾ (ഉദാ: മാർപാപ്പ പൊതുവായ ഒഴിവിന് അനുമതി നൽകി; സിനഡ് തീരുമാനം ഒടുവിൽ കുരിശ്, ജപമാല, മറ്റ് ജനപ്രിയ ആരാധനകൾ എന്നിവ

നിരോധിക്കുന്നതിലേക്ക് നയിക്കും; മേജർ ആർച്ച് ബിഷപ്പിനോടുള്ള അസ്വീകാര്യത;, ഭൂമി കുംഭകോണം; സിനഡിലെ ഉൾകളികൾ; വൈദികസ്പർദ്ധ) തുടങ്ങിയ തർക്കത്തിന്റെ ഉള്ളടക്കത്തെക്കുറിച്ചുള്ള അവ്യക്തതയാണ് ആദ്യം തന്നെ ശ്രദ്ധയിൽപെടുക. ഏതൊരു അവിശുദ്ധ യുദ്ധത്തിലും ആളുകൾ ധാർമ്മിക സീമകൾ എളുപ്പം ലംഘിക്കും. ശരിക്കുമുള്ള പ്രശ്നങ്ങൾ മറച്ചുവക്കും. ആ സമയങ്ങളിൽ പ്രശ്നം പരിഹരിക്കാനുള്ള സത്യസന്ധമായ സമീപനം ബുദ്ധിമുട്ടാണ്. ഒരേ ആരാധനാക്രമത്തിന്റെ പേരാണ് പറയുന്നതെങ്കിലും, പല അജണ്ടകൾ വച്ചാണ് പല ആളുകളും പ്രശ്നത്തിൽ പോരാടുന്നത്. അവന്റെ വിശുദ്ധ നാമം പലപ്പോഴും ഉപയോഗിക്കുന്നുണ്ടെങ്കിലും, യേശുവിനോടും അവന്റെ രാജ്യത്തോടുമുള്ള പ്രതിബദ്ധത പ്രതിഷേധങ്ങളുടെ അജണ്ടയിൽ ഇല്ലെന്ന് തോന്നുന്നു.

തുടക്കത്തിൽ, ആരാധനാപരമായ വ്യത്യാസം ഒരു വൈരുദ്ധ്യത്തേക്കാൾ സ്വാഭാവിക ധ്രുവീകരണ പിരിമുറുക്കമായിരുന്നു. പൗരസ്ത്യ സഭകളുടെ ആത്മീയ പൈതൃകം വീണ്ടെടുക്കാൻ വേരുകളിലേക്ക് മടങ്ങുക (Vat.II, *Orientalium Ecclesiarum*, 5-6), സ്ഥലകാല പൊരുത്തപ്പെടലുകളോടെ അവയുടെ ശരിയായ ആരാധനാക്രമം നവീകരിക്കുക (Vat.II, *Sacrosanctum Concilium*) എന്നിവയാണ് പരസ്പരപൂരകങ്ങളായ ആ രണ്ട് ധ്രുവങ്ങൾ.

സഭയ്ക്കുള്ളിൽ വളരെക്കാലമായി നടന്നുവന്നിരുന്ന ഒരു സംവാദത്തിന്റെ സാധുതയുള്ള സമാപനമായാണ് ഏകീകൃത ആരാധനാക്രമം പുറത്തുവന്നത്. ഇരുധ്യുവങ്ങളിലെയും തീവ്രനിലപാടുകൾ കുറച്ചൊന്നൊയഞ്ഞാൽ ഇതര ഗ്രൂപ്പിന്റെ നന്മകളെ ആശ്ലേഷിക്കാനാകും. അതോടെ സമവായങ്ങളിലൂടെ ഐക്യത്തിന്റെ ലാഭവിഹിതം കിട്ടുകയും ചെയ്യും. നിയമാനുസൃതമായ ഒരു അധികാരി (ഇവിടെ സിനഡ്) എടുക്കുന്ന തീരുമാനം അനുസരണാമനോഭാവത്തിൽ സ്വീകരിക്കുകയും അതിനായി ജനങ്ങളെ ബോധവൽക്കരിക്കുകയും ചെയ്യുക എന്നതാണ് ശരിയായ കത്തോലിക്കാ സമീപനം. പതിര് മാറ്റിയെടുക്കുമ്പോൾ, സഭയിലെ അധികാരവും അതിന്റെ ക്രമവുമാണ് ഇപ്പോഴത്തെ പ്രശ്നത്തിന്റെ കാതൽ എന്ന് കാണാൻ കഴിയും. വിശ്വാസസമൂഹത്തിന്റെ സഭാജീവിതത്തെ ബാധിക്കുന്ന സുപ്രധാന വിഷയങ്ങളിൽ എറണാകുളം-അങ്കമാലി അതിരൂപതയിൽ ആരാണ് അധികാരം കൈകാര്യം ചെയ്യേണ്ടത്? ഒരു കൂട്ടം പുരോഹിതരുടെയും അല്മായരുടെയും സംഘമാണോ? അതോ കാനോൻ നിയമപ്രകാരമുള്ള സഭയുടെ അധികാരികളാണോ? മറ്റൊരു വിധത്തിൽ ചോദിച്ചാൽ, ഒരു പൗരോഹിത്യ യൂണിയന്റെ നേതാവിനെ(ക്കളെ)യാണോ അതോ, സിനഡിനെയും പരിശുദ്ധ സിംഹാസനത്തെയും / അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററെയുമാണോ അനുസരിക്കേണ്ടത്? ആരാധനക്രമ വിഷയത്തിൽ ഏതു വിഭാഗത്തോട് പ്രതിപത്തിയുണ്ടെങ്കിലും, എല്ലാ പുരോഹിതന്മാർക്കും അല്മായർക്കും അവരുടെ കത്തോലിക്കാ വിശ്വാസത്തെക്കുറിച്ചുള്ള ശരിക്കും നിർണായകമായ നിലപാടിനുള്ള ഒരു സന്ദർഭമാണിത്.

മേലാധികാരികൾ വിവേചനയോടെ എടുത്ത തീരുമാനം ക്രിയാത്മകമായി നടപ്പാക്കുക എന്നതാണ് കത്തോലിക്കാ വിശ്വാസികൾക്ക് (പുരോഹിതന്മാരും അല്മായരും) യോജിക്കുന്ന പക്വമായ പ്രതികരണം. വിയോജിക്കുന്ന വൈദികരും വിശ്വാസികളും സഭയുടെ നല്ല പാരമ്പര്യത്തെയും അതിനെ പിന്തുണയ്ക്കുന്ന ധാർമ്മിക തത്വങ്ങളെയും അവഗണിച്ചതായി എനിക്ക് തോന്നുന്നു. വിയോജിപ്പുള്ള ഒരു സംഘം ഒരേ ആവശ്യത്തിൽ ഉറച്ചുനിൽക്കുകയും, അതിന്റെ പൂരണത്തിനായി ഏത് മാർഗവും ഉപയോഗിക്കുകയും ചെയ്യുമ്പോൾ മധ്യസ്ഥത വിജയിക്കില്ല. ബുദ്ധിശൂന്യമായ ചെറുത്തുനിൽപ്പും അനുസരണക്കേടും വിവേകത്തിന്റെ അതിർവരമ്പുകൾ കടക്കുമ്പോൾ സഭയുടെ ഐക്യത്തിൽ നിന്ന് വേർപിരിഞ്ഞു പോകാമെന്ന അപകടം ഒളിഞ്ഞിരിപ്പുണ്ട്. അതുകൊണ്ടുതന്നെ കൂട്ടായ്മയിലൂടെയും പരസ്പര സഹകരണത്തിലൂടെയും ക്രിസ്തുകേന്ദ്രീകൃതമായി ഈ സഭാപ്രതിസന്ധിയെ ഒരുമിച്ച് നേരിടേണ്ട സമയമാണിത്.

വൈജാത്യങ്ങളെ ശരിയായി സമന്വയിപ്പിക്കാനാവാത്തതിന്റെ പേരിൽ പല സംഘർഷങ്ങളും, കലഹങ്ങളും സഭാചരിത്രത്തിലുണ്ടായിട്ടുണ്ട്. ഇവ, വ്യക്തിപരവും സാമൂഹികവുമായ അഹങ്കാരങ്ങൾ, അധികാരപ്രശ്നങ്ങൾ, മത്സരങ്ങൾ എന്നിവയാൽ കൂടുതൽ സങ്കീർണ്ണമാക്കപ്പെടുകയും ചെയ്തിട്ടുണ്ട്. ക്രിസ്തുവിന്റെ ആത്മാവിനോടും നിയമാനുസൃതമായ മേലധികാരികളോടുമുള്ള സത്യസന്ധമായ അനുസരണാമനോഭാവത്തോടുംകൂടി കർത്താവിന്റെ പാതയിലൂടെ സഞ്ചരിക്കാൻ ഒരു സമൂഹം തിരഞ്ഞെടുക്കുമ്പോൾ, സംഘർഷങ്ങൾ വളർച്ചയുടെ നിമിഷങ്ങളായി രൂപാന്തരപ്പെടും. ഈ പ്രക്രിയയിലെ പരാജയങ്ങൾ സഭയുടെ വിഭജനത്തിലേക്കോ വളർച്ചാമുരടിപ്പിലേക്കോ നയിച്ചേക്കാം.

## ആരാധനാക്രമ തർക്കത്തിൽ ആർക്കാണ് നഷ്ടം, ആർക്കാണ് നേട്ടം

എറണാകുളം-അങ്കമാലി അതിരൂപതയെ കേന്ദ്രീകരിച്ചുള്ള ആരാധനാക്രമ തർക്കങ്ങൾ സഭയെ സ്നേഹിക്കുന്ന എല്ലാവരെയും ആഴത്തിൽ വേദനിപ്പിക്കുകയും ദുഃഖിപ്പിക്കുകയും ചെയ്യുന്ന ഒരു സ്ഫോടനാസന്ന നിമിഷത്തിലേക്ക് എത്തിയിരിക്കുന്നു. സിനഡിന്റെയും പൗരസ്ത്യ സഭയുടെയും ആത്യന്തികമായി മാർപ്പാപ്പയുടെയും തീരുമാനത്തെ അനുസരിക്കാതിരിക്കാനുള്ള ഒരു കൂട്ടം വൈദികരുടെയും അല്മായരുടെയും ദൃഢനിശ്ചയം, അതിന്റെ പരിണിതഫലങ്ങൾ എന്തുമാവട്ടെ, വളരെ പ്രകോപനപരവും അപകടകരവുമായ നിലപാടാണ്.

"തന്റെ നിർമലത കാത്തുസൂക്ഷിക്കുന്നതിനായി" സ്വന്തം മക്കൾ പരസ്പരം വഴക്കിടുകയും അധിക്ഷേപിക്കുകയും ചെയ്യുമ്പോൾ ആദ്യം മുറിവേൽക്കുന്നതും കണ്ണീരിൽ മുങ്ങുന്നതുമായ ഇര സഭാമാതാവാണ്. സഭയിലെ ആന്തരിക വിഭജനവും സംഘർഷവും കൊണ്ട് നേട്ടമുണ്ടാക്കുന്നവർ സഭയെ വെറുക്കുകയും, അവൾ അപകീർത്തിപ്പെടുന്നതും അപമാനിക്കപ്പെടുന്നതും കാണാൻ കാത്തിരിക്കുന്നവരുമാണ്. ഭിന്നിപ്പും വിഭജനവും പ്രോത്സാഹിപ്പിക്കുന്നതിൽ വൈകാരികമോ ഭൗതികമോ ആയ നേട്ടങ്ങൾ ഉണ്ടാക്കുന്നവർ സഭാമക്കൾക്കിടയിൽ തന്നെ ഉണ്ടായിരിക്കാം. വിഭജനത്തിന്റെ ദോഷം ഇടവകകളെത്തന്നെ രണ്ട് ഗ്രൂപ്പുകളായി വിഭജിക്കുന്നതിൽ വിജയിച്ചിട്ടുണ്ട്.

ഇരുകക്ഷികൾക്കും പരിക്കേൽക്കാത്തതും നാശനഷ്ടങ്ങൾ സംഭവിക്കാത്തതുമായ ഒരു യുദ്ധവും ഉണ്ടായിട്ടില്ല. നമ്മുടെ അനൈക്യം മുന്നിൽ കണ്ടിട്ടാവണം, ഈശോയുടെ അവസാനത്തെ തീവ്രമായ പ്രാർത്ഥന തന്റെ ആട്ടിൻകൂട്ടത്തിലെ ഐക്യത്തിനുവേണ്ടിയായിരുന്നു (cf. യോഹന്നാൻ 17:11). നിലവിലെ ആരാധനാക്രമതർക്കങ്ങളിലെ വിയോജിപ്പിന്റെ ശൈലി ക്രിസ്തുവിന്റെ ആത്മാവിനാലും സ്നേഹത്തിനാലും പ്രേരിതമാണെന്ന് പറയാൻ വയ്യ.

## എന്താണ് മുന്നോട്ടുള്ള വഴി?

ഈ തർക്കം തിരുസഭയെ മുഴുവൻ വേദനിപ്പിക്കുന്നുണ്ട്. ഈ കലുഷിതാവസ്ഥ പ്രവചനാതീതമായി തുടരുകയാണ്. ഒരു സഭ എന്ന നിലയിൽ നമുക്ക് മുന്നോട്ട് പോകണമെങ്കിൽ നമ്മുടെ പ്രവർത്തനശൈലിയിൽ ഒരു മാറ്റം വരേണ്ട സമയമാണിത്. വർഷങ്ങളോളം പരസ്പരം പോരടിക്കുന്ന കേരളത്തിലെ ഓർത്തഡോക്സ് സഭയിലെ ഭിന്നത അവരെ സമൂഹത്തിൽ (മെത്രാൻ, ബാവ ഗ്രൂപ്പുകൾ) പരിഹാസ്യരാക്കുന്നത് നമ്മുടെ കൺമുന്പിലുണ്ട്. ഭിന്നിപ്പിന്റെ പിശാച് സീറോമലബാർ സഭയെയും വേട്ടയാടുകയാണ്. ഐൻസ്റ്റൈന്റേതെന്ന് പറയപ്പെടുന്ന ഉൾക്കാഴ്ചയുള്ള ഒരു വാചകമുണ്ട്: "ഒരു പ്രശ്നം സൃഷ്ടിച്ച അതേ മാനസികാവസ്ഥ കൊണ്ട് അത് പരിഹരിക്കാനാവില്ല". എറണാകുളം-അങ്കമാലി അതിരൂപതയിലെ വൈദികരും വിശ്വാസികളും സുവിശേഷത്തിന്റെ ആത്മാവിനാൽ പ്രേരിതരായി സീറോമലബാർ സഭയോടും സാർവത്രിക സഭയോടും യോജിപ്പിലേക്കു നയിക്കുന്ന വ്യത്യസ്തമായ ഒരു പാത എങ്ങനെ തിരഞ്ഞെടുക്കാനാകും എന്നാണ് ചിന്തിക്കേണ്ടത്.

## സഭയിലെ ഐക്യത്തിന് അർത്ഥവത്തായ ചില പരിഹാരമാർഗ്ഗങ്ങൾ

1. **തർക്കങ്ങളിൽ നിന്ന് പ്രാർത്ഥനയുടെ കളത്തിലേക്ക് നീങ്ങുന്നത്**
   തർക്കങ്ങളുടെ കളത്തിൽ നിന്ന് പ്രാർത്ഥനയുടെയും ആത്മീയവിവേചനത്തിന്റെയും വേദിയിലേക്ക് ഈ പ്രതിസന്ധിയെ മാറ്റേണ്ടതുണ്ട്. തർക്കവിഷയങ്ങളുടെ കേന്ദ്രത്തിൽ ക്രിസ്തുവിനെ സ്വാഗതം ചെയ്യുകയും സ്ഥാപിക്കുകയും വേണം. ദൈവവചനധ്യാനത്തിനും നിശബ്ദ പ്രാർത്ഥനക്കും ശേഷം വിവിധ മീറ്റിംഗുകൾ ആരംഭിക്കുകയാണെങ്കിൽ അത് എത്ര വ്യത്യസ്തമായിരിക്കും?

2. **വിവേചനാ മാർഗ്ഗങ്ങൾ (means of discernment) തിരഞ്ഞെടുക്കുന്നത്**
   നമ്മുടെ ഇടയിൽ പ്രവർത്തിക്കുന്ന പ്രവണതകളെയും താല്പര്യങ്ങളെയും വിവേചിച്ചറിയുന്ന ഒരു ആത്മീയ കലയാണ് നാം പ്രശ്നപരിഹാരത്തിന് ഉപയോഗിക്കേണ്ടത്. ഈ സാഹചര്യത്തിൽ കർത്താവ് എന്നോട്/ഞങ്ങളോട് എന്താണ് ആവശ്യപ്പെടുന്നത് എന്നത് സത്യസന്ധതയോടും തുറവിയോടും കൂടി അന്വേഷിച്ചറിയുക എന്നതാണ് പ്രഥമം. ഏത് ആരാധനാക്രമം നിശ്ചയിച്ചാലും അത് അംഗീകരിക്കാൻ പാകത വരുത്തുന്ന ഒരു "വിശുദ്ധ നിസ്സംഗത" ("Holy Indifference") ഈ വിഷയത്തിൽ ദൈവഹിതം തിരിച്ചറിയാൻ ആവശ്യമായ മനോഭാവമാണ്.

3. **വിവേചിച്ചറിയാൻ സഹായിക്കുന്ന മറ്റ് ചോദ്യങ്ങൾ ചോദിക്കുന്നത്**
   ഇപ്പോഴുള്ള പ്രവർത്തനരീതികളുടെ പ്രേരണ എവിടെ നിന്നാണ് വരുന്നത്: സ്നേഹത്തിൽ നിന്നോ?, ദേഷ്യത്തിൽ നിന്നോ?, അതോ പിടിവാശിയിൽ നിന്നോ? ഇത് നമ്മെ എവിടേക്കാണ് കൊണ്ടുപോകുന്നത്: കൂടുതൽ സ്നേഹത്തിലേക്കും ഐക്യത്തിലേക്കുമാണോ? അതോ പരസ്പര വിദ്വേഷത്തിലേക്കും സമൂഹത്തിന്റെ നാശത്തിലേക്കുമാണോ? അത് കൊണ്ട് എന്ത് ലാഭം? (മാർക്കോസ് 8:36): ദൈവത്തെ മഹത്വപ്പെടുത്താനോ?, ആത്മാക്കളുടെ രക്ഷയും പൊതുനന്മയും നേടാനോ, അതോ മറ്റുള്ളവരോട് പ്രതികാരം ചെയ്യാനും അവരെ അപമാനിക്കാനും അവരുടെമേൽ വിജയം നേടാനുമാണോ?

4. **അവബോധത്തിൽ നിന്നു പ്രവർത്തിക്കുന്നത്**
   ഓരോ സമയത്തും എന്താണ് സംഭവിക്കുന്നത്, എല്ലാവരിലും അതിന്റെ സ്വാധീനം, അവയുടെ അനന്തരഫലങ്ങൾ എന്നിവയെക്കുറിച്ചുള്ള അവബോധത്തിൽ നിന്നാണ് ഉത്തരവാദിത്തമുള്ള പ്രവർത്തനങ്ങൾ ഉണ്ടാകുന്നത്. നമ്മുടെ വരുംതലമുറകൾക്ക് നമ്മൾ എന്താണ് ബാക്കി വെക്കുന്നത്? പിന്നീട് തിരിഞ്ഞു നോക്കുമ്പോൾ ക്രിസ്ത്യാനികൾ എന്ന നിലയിൽ അഭിമാനിക്കാവുന്ന കാര്യങ്ങൾ നാം ചെയ്യണം.

5. **സത്യമായ വാർത്തകൾ പ്രചരിപ്പിക്കുകയും വ്യാജ വാർത്തകളെ പരാജയപ്പെടുത്തുകയും ചെയ്യുന്നത്**
   പൗരസ്ത്യ സഭകളുടെ ആത്മീയതയിലും പാരമ്പര്യങ്ങളിലും പ്രത്യേക ശ്രദ്ധ നൽകിക്കൊണ്ട് തിരുസഭയുടെ പ്രബോധനങ്ങളെക്കുറിച്ചും സഭയുടെ ആത്മീയവും ദൈവശാസ്ത്രപരവുമായ നിധികളെക്കുറിച്ചും ആളുകളെ ബോധവത്കരിക്കുന്നതിന് കത്തോലിക്കാ സോഷ്യൽ മീഡിയ ഉപയോഗിക്കുക. കൊളുത്തിയ വിളക്ക് ഇരുട്ടും നല്ല വിദ്യാഭ്യാസം അജ്ഞതയും അകറ്റുന്നു.

6. **വൈകാരിക അവബോധത്തോടെ പ്രവർത്തിക്കുന്നത്**
   സ്വന്തം വികാരങ്ങളെയും അഭിപ്രായങ്ങളെയും ബ്രാക്കറ്റ് ചെയ്തു മാറ്റി നിറുത്തി മറ്റ് ഗ്രൂപ്പുകളിലെ ആളുകളെ മനസ്സിലാക്കാൻ ശ്രമിച്ചാൽ, നമ്മുടെ കാഴ്ചപ്പാടുകൾ വിശാലമാവുകയും ക്ഷിപ്രവൈകാരിക പ്രതികരണങ്ങൾ തടയുകയും ചെയ്യാം.

7. **വസ്തുതകളിൽ നിന്ന് അഭിപ്രായങ്ങളെ വേർതിരിക്കുന്നത്**

വ്യാജ വാർത്തകളെ ഇല്ലാതാക്കാൻ, അവകാശവാദങ്ങളുടെ നേരറിയാൻ വസ്തുതകൾ വിശ്വസനീയവും ആധികാരികവുമായ സ്രോതസ്സുകളിൽ നിന്ന് അന്വേഷിക്കുക.

8. **സാമുദായിക സംഘർഷങ്ങളുടെ സാമാന്യപ്രേരകമായ "ഇരവാദം" ബോധപൂർവ്വം ഉപേക്ഷിക്കുന്നത്.**
സമൂഹത്തിലെ പ്രശ്നങ്ങൾക്ക് ക്രിയാത്മകമായ പരിഹാരങ്ങൾ കണ്ടെത്താൻ ശ്രമിക്കുക. ബാഹ്യ ശക്തികളിൽ നിന്നുള്ള അന്യായമായ പെരുമാറ്റത്തിന്റെ ഇരകളായി സ്വയം കരുതുന്ന സമൂഹങ്ങൾ ധാർമ്മിക പരിഗണനകളില്ലാത്തവരായി മാറാനുള്ള പ്രവണതയുണ്ടാകും. സഭയിൽ ഇരവാദ മാനസികനില സാധൂകരിക്കുന്നവരെ സൂക്ഷിക്കുക!

9. **ഇപ്പോഴത്തെ അപ്പോസ്തോലിക് അഡ്മിനിസ്ട്രേറ്ററുമായി സഹകരിക്കുന്നത്**
മുറിവുകൾ ഭേദമാക്കാനും കൂട്ടായ്മ കെട്ടിപ്പടുക്കാനും പരിശുദ്ധ സിംഹാസനത്താൽ നിയോഗിക്കപ്പെട്ട മാർപ്പാപ്പയുടെ അപ്പോസ്തോലിക് അപ്പോസ്തോലിക് അഡ്മിനിസ്ട്രേറ്ററുമായി ഐക്യപ്പെടുക. അദ്ദേഹവുമായുള്ള സഹകരണവും, അനുരഞ്ജനത്തിനുള്ള വഴികൾ കണ്ടെത്താനുള്ള സത്യസന്ധമായ ശ്രമങ്ങളും വഴി സഭാമാർഗ്ഗങ്ങളിലേക്ക് തിരിയാനും കഴിഞ്ഞാൽ, അനുരഞ്ജനത്തിന്റെയും ക്ഷമയുടെയും പുതിയ സാധ്യതകൾ തുറക്കുകയും സുവിശേഷ രഹസ്യത്തിലേക്ക് കൂട്ടായ തിരിച്ചുവരവിന് വഴി തെളിയുകയും ചെയ്യും.

10. **പരിശുദ്ധ പിതാവിന്റെ അനുരഞ്ജനത്തിലേക്കുള്ള ക്ഷണം സ്വീകരിക്കുന്നത്**
മാർപ്പാപ്പ അങ്കമാലി-എറണാകുളം അതിരൂപതക്ക് 2022 മാർച്ച് 25-ന് എഴുതിയ കത്ത്, ഈ വിഷയത്തിൽ അദ്ദേഹത്തിന്റെ മനസ്സും ഹൃദയവും വ്യക്തമായി പ്രകടിപ്പിക്കുന്നു. പരിശുദ്ധപിതാവ് മറ്റവസരങ്ങളിലും പ്രകടിപ്പിച്ചിട്ടുള്ള ആശയങ്ങളോടും സന്ദേശങ്ങളോടും ചേർന്ന് പോകുന്നതാണ് ആ കത്ത്. അത് ഗൗരവപൂർവ്വം കാണുകയും പുത്ര/പുത്രീസഹജമായ അനുസരണത്തോടെ സ്വീകരിക്കുകയും വേണം.

കത്തോലിക്കാ സഭയെ ബഹുമാനിക്കുകയും സ്നേഹിക്കുകയും ചെയ്യുന്ന ആയിരക്കണക്കിന് കത്തോലിക്കരോടും സുഹൃത്തുക്കളോടും ചേർന്നുകൊണ്ട് സാർവത്രിക സഭയുമായി പൂർണ്ണമായ കൂട്ടായ്മയിൽ, സീറോമലബാർ സഭയുടെ സത്യസന്ധമായ ഐക്യത്തിലേക്കുള്ള ഒരു പ്രയാണത്തിനുവേണ്ടി ഞാൻ പ്രത്യാശിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

മാത്യു വട്ടമറ്റം
റോം, 15 നവംബർ 2022